**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 810** **11-02-2025 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം പട്ടികജാതി നഗറുകളുടെ നവീകരണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നിന്ന് 2021-22 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത എടയൂർ ഗ്രാമപഞ്ചായത്തിലെ പൂവത്തുംതറ പട്ടികജാതി നഗർ, പൊൻമള ഗ്രാമപഞ്ചായത്തിലെ മണ്ണഴി കോട്ടപ്പുറം പട്ടികജാതി നഗർ എന്നിവയാണ്. മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രമാണ് ടി നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏജൻസി.പൂവത്തുംതറ നഗറിലെ നിർമ്മാണ പ്രവർത്തനങ്ങൾ 30% പൂർത്തീകരിച്ചിട്ടുണ്ട്. ഇന്റേണൽ റോഡ് & ഫുട്പാത്ത് 9 എണ്ണത്തിൽ 4 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. സംരക്ഷണഭിത്തി നിർമ്മാണം 4 എണ്ണത്തിൽ 2 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണം 25 എണ്ണത്തിൽ 6 എണ്ണം പൂർണ്ണമായും 3 എണ്ണം ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്.മണ്ണഴി കോട്ടപ്പുറം പട്ടികജാതി നഗറിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റിന് 31.07.2024 ന് അംഗീകാരം ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. |
| (ബി) | കോട്ടക്കൽ മണ്ഡലത്തിലെ മൂർദ്ധനാവ് പട്ടികജാതി നഗറിനെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ഇല്ല. |
| (സി) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത നഗർ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പ്രൊപ്പോസൽ ലഭിക്കുന്ന പക്ഷം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ